## മധുരമായ കുട്ടികളേ - ദേഹീഅഭിമാനിയായി സേവനം ചെയ്യുകയാണെങ്കിൽ സഫലത ലഭിച്ചു കൊണ്ടിരിക്കും

**ചോദ്യം:-** ഏതൊരു സ്മൃതിയിൽ ഇരിക്കുകയാണെങ്കിൽ ദേഹാഭിമാനത്തിലേക്ക് വരില്ല?
**ഉത്തരം:-** സദാ സ്മൃതി ഉണ്ടായിരിക്കണം നമ്മൾ ഈശ്വരീയ സേവകരാണ്. സേവകന് ഒരിക്കലും ദേഹാഭിമാനം വരികയില്ല. എത്രത്തോളം യോഗത്തിലിരിക്കുന്നുവോ അത്രത്തോളം ദേഹാഭിമാനം ഇല്ലാതാകും.

**ചോദ്യം:-** ദേഹാഭിമാനികൾക്ക് ഡ്രാമ അനുസരിച്ച് ഏതൊരു ശിക്ഷയാണ് ലഭിക്കുക?
**ഉത്തരം:-** അവരുടെ ബുദ്ധിയിൽ ഈ ജ്ഞാനം നിൽക്കുകയില്ല. ധനവാന്മാരിൽ ധനം കാരണം ദേഹാഭിമാനം ഉണ്ടാകുന്നു. അതുകൊണ്ട് അവർക്ക് ഈ ജ്ഞാനത്തെ മനസ്സിലാക്കാൻ സാധിക്കില്ല. ഇതും അവർക്ക് ലഭിക്കുന്ന ഒരു ശിക്ഷയാണ്. സാധാരണക്കാർ ജ്ഞാനത്തെ സഹജമായി മനസ്സിലാക്കുന്നു.

**ഓം ശാന്തി**. ആത്മീയ പിതാവ് ബ്രഹ്മാവിലൂടെ നിർദ്ദേശം നൽകിക്കൊണ്ടിരിക്കുന്നു. ഓർമ്മിക്കുകയാണെങ്കിൽ ഇവരെപ്പോലെയായി മാറും (ലക്ഷ്മീ-നാരായണൻ) സതോപ്രധാനമായി തന്റെ സ്വർഗ്ഗീയ രാജ്യത്തിലേക്ക് പ്രവേശിക്കും. ഈ കാര്യം കേവലം നിങ്ങളോടല്ല പറയുന്നത്, ഈ ശബ്ദം മുഴുവൻ ഭാരതത്തിലും, വിദേശത്തിലും എല്ലാവരിലേക്കും പോകും. വളരെയധികം പേർക്ക് സാക്ഷാത്കാരവും ഉണ്ടാവും. ആരുടെ സാക്ഷാത്കാരമാണ് ഉണ്ടാകേണ്ടത്? ഇതും ബുദ്ധികൊണ്ട് മനസ്സിലാക്കേണ്ട കാര്യമാണ്. ബാബ ബ്രഹ്മാവിലൂടെയാണ് സാക്ഷാത്കാരം ചെയ്യിപ്പിച്ച് പറയുന്നത്- രാജകുമാരനായിത്തീരണമെങ്കിൽ ബ്രഹ്മാവിന്റെയും,ബ്രാഹ്മണരുടേയും അടുത്തേക്ക് പോകൂ. വിദേശീയരും ഇവരെക്കുറിച്ച് മനസ്സിലാക്കാൻ ആഗ്രഹിക്കുന്നു. ഭാരതം സ്വർഗ്ഗമായിരുന്നപ്പോൾ ആരുടെ രാജ്യമായിരുന്നു? ഇത് പൂർണ്ണമായും ആരും അറിയുന്നില്ല. ഭാരതം തന്നെയാണ് സ്വർഗ്ഗമായിരുന്നത്. ഇപ്പോൾ നിങ്ങൾ, സർവ്വർക്കും ഇത് മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇതാണ് സഹജരാജയോഗം. ഇതിലൂടെ ഭാരതം സ്വർഗ്ഗമായിത്തീരുന്നു. വിദേശീയരുടെ ബുദ്ധി കുറച്ചെങ്കിലും നല്ലതാണ് അവർ പെട്ടെന്ന് മനസ്സിലാക്കും. ഇപ്പോൾ സേവാധാരികളായ കുട്ടികൾ എന്താണ് ചെയ്യേണ്ടത്? അവർക്കുള്ള നിർദ്ദേശങ്ങളും ബാബ നൽകുന്നു. കുട്ടികൾ പ്രാചീന-രാജയോഗമാണ് പഠിപ്പിച്ചുകൊടുക്കേണ്ടത്. നിങ്ങളുടെ പക്കൽ മ്യൂസിയം അഥവാ പ്രദർശിനിയിൽ ധാരാളം പേർ വരുന്നു. ഇവർ നല്ല കാര്യമാണ് ചെയ്യുന്നത് എന്നെല്ലാം അഭിപ്രായങ്ങൾ എഴുതാറുണ്ട് എന്നാൽ സ്വയം മനസ്സിലാക്കുന്നില്ല. അൽപമെങ്കിലും മനസ്സിലാക്കുകയാണെങ്കിൽ വരും. സാധാരണക്കാരാണ് തന്റെ ഭാഗ്യത്തെ നല്ലതാക്കിമാറ്റാനും മനസ്സിലാക്കാനുമുള്ള പുരുഷാർത്ഥം ചെയ്യുന്നത്. ധനവാന്മാർ പുരുഷാർത്ഥം ചെയ്യുന്നില്ല. വളരെയധികം ദേഹാഭിമാനമാണ്. ഇത് ഡ്രാമയനുസരിച്ച് ബാബ നൽകിയിട്ടുള്ള ശിക്ഷ പോലെയാണ്. എങ്കിലും അവരിലൂടെയും ശബ്ദം പുറത്തേക്കുവരണം. വിദേശത്തുള്ളവരും ഈ ജ്ഞാനം ആഗ്രഹിക്കുന്നു. കേട്ട് വളരെയധികം സന്തോഷിക്കുന്നു. ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ സേവനത്തിനായി എത്രയാണ് പ്രയത്നിക്കുന്നത്, എന്നാൽ അവർക്കൊന്നും സമയമില്ല. അവർക്ക് വീട്ടിലിരുന്നുകൊണ്ട് സാക്ഷാത്കാരം ലഭിച്ചാൽ പോലും ബുദ്ധിയിലേക്ക് വരില്ല. അതുകൊണ്ട് ബാബ കുട്ടികൾക്ക് നിർദ്ദേശം നൽകുന്നു, മനുഷ്യരുടെ നല്ല-നല്ല അഭിപ്രായങ്ങൾ ഒരുമിച്ച് ശേഖരിച്ചുവെച്ച് ഒരു നല്ല പുസ്തകമുണ്ടാക്കണം. നിർദ്ദേശം നൽകുന്നുണ്ട്, ചെയ്തു നോക്കുകയാണെങ്കിൽ എല്ലാവർക്കും അത് നല്ലതായിത്തോന്നും. വിദേശത്തുള്ളവരും, ഭാരതീയരും സഹജ രാജയോഗം അറിയാൻ ആഗ്രഹിക്കുന്നുണ്ട്. സ്വർഗ്ഗത്തിലെ ദേവീദേവതകളുടെ രാജ്യപദവി സഹജ രാജയോഗത്തിലൂടെയാണ് ഭാരതത്തിന് പ്രാപ്തമായതെങ്കിൽ എന്തുകൊണ്ട് ഈ മ്യൂസിയം ഗവൺമെന്റ് ഹൗസിനുള്ളിൽ വച്ചുകൂടാ. അവിടെ സമ്മേളനങ്ങളെല്ലാം നടക്കുന്നതാണ്. ഈ ചിന്തകൾ കുട്ടികളിൽ ഉണ്ടായിരിക്കണം. എന്നാൽ അതിന് സമയമെടുക്കും. അത്രയും പെട്ടെന്ന് ഉൾക്കൊള്ളുന്ന നിർമ്മല ബുദ്ധിയായിട്ടില്ല. ഗോദ്റേജിന്റെ പൂട്ടു കൊണ്ട് ബുദ്ധി പൂട്ടിയിരിക്കുകയാണ്. ഇപ്പോൾ ശബ്ദം പുറത്തേക്കു വരികയാണെങ്കിൽ വിപ്ലവമുണ്ടാവും. തീർച്ചയായും ഉണ്ടാവണം. പറയൂ, ഗവൺമെന്റ് ഹൗസിലും ഈ മ്യൂസിയം ഉണ്ടാവുകയാണെങ്കിൽ വളരെയധികം വിദേശീയർ വന്ന് കാണും. കുട്ടികൾക്ക് തീർച്ചയായും വിജയം ഉണ്ടാവുകതന്നെ വേണം. അപ്പോൾ ഇങ്ങനെയുള്ള ചിന്തകൾ ഉണ്ടായിരിക്കണം. ദേഹീ-അഭിമാനികൾക്കു മാത്രമേ എന്തെല്ലാം ചെയ്യണം എന്ന ചിന്തകൾ ഉണ്ടാവൂ. പാവപ്പെട്ട മനുഷ്യരും അറിയണം, അവർ ബാബയിൽ നിന്നും സമ്പത്ത് എടുക്കണം. നമ്മൾ ഇതും എഴുതാറുണ്ട് ചിലവ് കൂടാതെ... നല്ല-നല്ല

കുട്ടികൾ വരുമ്പോൾ അവർ അഭിപ്രായമെഴുതുന്നു. ഡെപ്യൂട്ടി പ്രൈംമിനിസ്റ്റർ ഉദ്ഘാടനം ചെയ്യാൻ വരുന്നു.. പിന്നീട് പ്രൈംമിനിസ്റ്റർ, പ്രസിഡന്റ് എന്നിവരും വരും.കാരണം ഇത് അത്ഭുതകരമായ ജ്ഞാനമാണെന്ന് അവർ പോയി പറഞ്ഞുകൊടുക്കും. ഇങ്ങനെയാണ് സത്യമായ ശാന്തി സ്ഥാപിക്കുന്നതെന്ന് പറയണം. അവർ ഈ കാര്യം വിലയിരുത്തുന്നു, മനസ്സിലാക്കുന്നു. ഇന്നല്ലെങ്കിൽ നാളെ അവർ ഈ കാര്യത്തെക്കുറിച്ച് ചിന്തിക്കുക തന്നെ ചെയ്യും. ബാബ പറയുന്നു വലിയ-വലിയ ആളുകളുടെ അടുത്തേയ്ക്ക് പോകൂ മുന്നോട്ടു പോകുന്തോറും അവർ മനസ്സിലാക്കും. മനുഷ്യരുടെ ബുദ്ധി തമോപ്രധാനമാണ് അതുകൊണ്ട് തലകീഴായ ജോലിയാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഓരോ ദിവസം കൂടുന്തോറും വീണ്ടും തമോപ്രധാനത വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

നിങ്ങൾ മനസ്സിലാക്കിക്കൊടുക്കാനായി പ്രയത്നിക്കുന്നു. ഈ വികാരീ ജോലി അവസാനിപ്പിക്കൂ... തന്റെ ഉന്നതി ചെയ്യൂ. ബാബ വന്നിരിക്കുന്നത് പവിത്ര ദേവതയാക്കി മാറ്റാനാണ്. അവസാനം ഗവൺമെന്റ് ഹൗസിലും നമ്മുടെ മ്യൂസീയം ഉണ്ടാകുന്ന ദിവസവും ഉണ്ടാവും. പറയൂ, ഞങ്ങൾ സ്വയം ചിലവ് വഹിച്ചോളാം. ഗവൺമെന്റ് ഒരിക്കലും പൈസ നൽകുകയില്ല. നിങ്ങൾ കുട്ടികൾ പറയണം ഞങ്ങൾക്ക് സ്വന്തം ചിലവിലൂടെ ഓരോ ഗവൺമെന്റ് ഹൗസിലും ഈ മ്യൂസീയം വെക്കാൻ സാധിക്കും. ഒരു വലിയ ഗവൺമെന്റ്ഹൗസിൽ മാത്രമുണ്ടാവുകയാണെങ്കിൽ എല്ലാത്തിലും ഉണ്ടാകും. മനസ്സിലാക്കിക്കൊടുക്കുന്നവരും ആവശ്യമാണ്. ആർക്കെങ്കിലും വഴി പറഞ്ഞുകൊടുക്കുന്നതിനായി അവരോട് സമയം ചോദിക്കൂ. കക്കയുടെ ചിലവുപോലുമില്ലാതെ ജീവിതമുണ്ടാക്കാനുള്ള വഴി പറഞ്ഞു കൊടുക്കാം. ഇനി മുന്നോട്ടു പോകവേ ഇതാണ് സംഭവിക്കാൻ പോകുന്നത്. എന്നാൽ ബാബയും കുട്ടികളിലൂടെയാണ് മനസ്സിലാക്കിക്കൊടുക്കുന്നത്. നല്ല-നല്ല കുട്ടികൾ, ആരാണോ സ്വയത്തെ മഹാവീരനാണെന്ന് മനസ്സിലാക്കുന്നത് അവരെത്തന്നെയാണ് മായയും പിടികൂടുന്നത് വളരെ ഉയർന്ന ലക്ഷ്യമാണ്. വളരെയധികം കരുതൽ ഉണ്ടായിരിക്കണം. ബോക്സിംഗും ഒട്ടും ചെറുതല്ല. വളരെ വലിയ ബോക്സിംഗാണ്. രാവണനെ ജയിക്കാനുള്ള യുദ്ധമൈതാനമാണിത്. ചെറിയ ദേഹ-അഭിമാനം പോലും വരരുത്. ഞാൻ ഇങ്ങനെ സേവനം ചെയ്യുന്നു ഇത് ചെയ്യുന്നു... നമ്മൾ ഈശ്വരീയ സേവകരാണ്. നമുക്ക് സന്ദേശം നൽകുക തന്നെ വേണം. ഇതിൽ വളരെയധികം ഗുപ്തമായ പ്രയത്നമുണ്ട്. നിങ്ങൾ ജ്ഞാനയോഗത്തിന്റെ ബലത്തിലൂടെയാണ് സ്വയത്തിന് മനസ്സിലാക്കിക്കൊടുക്കുന്നത്. ഇവിടെ ഗുപ്തമായിരുന്നു കൊണ്ട് വിചാരസാഗരമഥനം ചെയ്യുകയാണെങ്കിലേ ലഹരി വർദ്ധിക്കൂ. വളരെ സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കണം, പരിധിയില്ലാത്ത അച്ഛന്റെ സമ്പത്ത് ഓരോ കൽപ്പവും ഭാരതവാസികൾക്കാണ് ലഭിക്കുന്നത്. 5000 വർഷങ്ങൾക്കു മുമ്പും ഈ ലക്ഷ്മീ-നാരായണന്റെ രാജ്യം ഉണ്ടായിരുന്നു. ഇപ്പോൾ ഇതിനെ വേശ്യാലയം എന്നു പറയുന്നു. സത്യയുഗം ശിവാലയമാണ്. അത് ശിവബാബയുടെ സ്ഥാപനയാണ്. ഇത് രാവണന്റെ സ്ഥാപനയാണ്. രാത്രിയുടെയും, പകലിന്റെയും വ്യത്യാസമുണ്ട്. നമ്മൾ ആദ്യം എന്തായിരുന്നു എന്നതിനെക്കുറിച്ച് നിങ്ങൾ അനുഭവം ചെയ്യുന്നുണ്ടാവും. ബാബ തനിക്ക് സമാനമാക്കി മാറ്റുന്നു. ദേഹീ-അഭിമാനിയായിത്തീരുക എന്നുള്ളതാണ് മുഖ്യമായ കാര്യം. ദേഹീ-അഭിമാനിയായി ചിന്തിക്കണം നമുക്ക് ഇന്ന് പ്രൈംമിനിസ്റ്റർക്ക് പോയി മനസ്സിലാക്കിക്കൊടുക്കണം. അവർക്ക് ദൃഷ്ടി നൽകുകയാണെങ്കിൽ സാക്ഷാത്കാരം ലഭിക്കാൻ സാദ്ധ്യതയുണ്ട്. നിങ്ങൾക്ക് ദൃഷ്ടി നൽകാൻ സാധിക്കും. അഥവാ ദേഹീ-അഭിമാനി അവസ്ഥയിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ നിങ്ങളുടെ ബാറ്ററി നിറഞ്ഞുകൊണ്ടിരിക്കും. ദേഹീ -അഭിമാനിയായി ഇരുന്ന്, സ്വയം ആത്മാവെന്ന് മനസ്സിലാക്കി ബാബയുമായി യോഗം വെക്കുകയാണെങ്കിലേ ബാറ്ററി നിറയൂ. സാധാരണക്കാരുടെ ബാറ്ററി പെട്ടെന്ന് തന്നെ നിറയുന്നു കാരണം, അവർ വളരെ നല്ല രീതിയിൽ ബാബയെ ഓർമ്മിക്കുന്നു. ജ്ഞാനം വളരെ നല്ല രീതിയിലുണ്ട്. എന്നാൽ യോഗം കുറവാണെങ്കിൽ ബാറ്ററി നിറയുകയില്ല. കാരണം ദേഹാഹങ്കാരം ഉണ്ടാകും. യോഗം ഒട്ടും തന്നെയില്ല. അതുകൊണ്ടാണ് ജ്ഞാനമാകുന്ന ബാണത്തിൽ യോഗത്തിന്റെ മൂർച്ചയില്ലാത്തത്. വാളിനും മൂർച്ച വേണം. പത്തുരൂപയുടെ വാളുമുണ്ട് അമ്പത് രൂപയ്ക്ക് ലഭിക്കുന്ന വാളുമുണ്ട്. ഗുരു ഗോവിന്ദ്സിംഗിന്റെ വാളിനെക്കുറിച്ച് വളരെയധികം മഹിമയുണ്ട്. ഇതിൽ ഹിംസയുടെ കാര്യമില്ല. ദേവതകൾ ഡബിൾ അഹിംസകരാണ്. ഇന്ന് ഭാരതം ഇങ്ങനെയാണ് (നരകം) നാളെ ഇതുപോലെയായിത്തീരും (സ്വർഗ്ഗം). കുട്ടികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. ഇന്നലെ നമ്മൾ രാവണരാജ്യത്തിലായിരുന്നപ്പോൾ ശ്വാസംമുട്ടി ജീവിക്കുകയായിരുന്നു. ഇന്നു നാം പരംപിതാ പരമാത്മാവിനോടൊപ്പമാണ് ജീവിക്കുന്നത്.

ഇപ്പോൾ നിങ്ങൾ ഈശ്വരീയപരിവാരത്തിലേതാണ്. സത്യയുഗത്തിൽ നിങ്ങൾ ദൈവീക പരിവാരത്തിലേതായിരിക്കും. ഇപ്പോൾ സ്വയം ഭഗവാനാണ് നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്, നമുക്ക് ഭഗവാനിൽ നിന്നും എത്ര സ്നേഹമാണ് ലഭിക്കുന്നത്. അരക്കൽപ്പം രാവണന്റെ സ്നേഹം ലഭിച്ചതിലൂടെ

വാനരനു സമാനമായി. ഇപ്പോൾ പരിധിയില്ലാത്ത ബാബയുടെ സ്നേഹം ലഭിക്കുന്നതിലൂടെ നിങ്ങൾ ദേവതയായിത്തീരുന്നു. 5000 വർഷത്തിന്റെ കാര്യമാണ്. മനുഷ്യർ ലക്ഷക്കണക്കിന് വർഷമാണെന്ന് പറഞ്ഞു. ബ്രഹ്മാവ് നിങ്ങളേപ്പോലെ പൂജാരിയായിരുന്നു. വൃക്ഷത്തിൽ ഏറ്റവും അവസാനമാണ് നിൽക്കുന്നത്. സത്യയുഗത്തിൽ നിങ്ങൾക്ക് എത്ര അളവറ്റ ധനമാണുണ്ടായിരുന്നത്. പിന്നീടു ണ്ടാക്കിയിട്ടുള്ള ക്ഷേത്രങ്ങളിലും അളവറ്റ ധനമുണ്ടായിരുന്നു, അതാണ് കൊള്ളയടിക്കപ്പെട്ടത്. മറ്റുള്ള ക്ഷേത്രങ്ങളും ഉണ്ടാകും. പ്രജകളുടെയും ക്ഷേത്രങ്ങൾ ഉണ്ടാകും. ധനവാനായ പ്രജകളും ഉണ്ട്. പ്രജകളിൽ നിന്നും രാജാക്കന്മാർ കടം വാങ്ങിക്കാറുണ്ട്. ഇത് വളരെ മോശമായ ലോകമാണ്. ഏറ്റവും മോശമായ ദേശം കൽക്കത്തയാണ്. ഇതിനെ പരിവർത്തനപ്പെടുത്തുന്നതിനായി നിങ്ങൾ കുട്ടികൾക്ക് പ്രയത്നിക്കണം. ആര് ചെയ്യുന്നുവോ അവർ നേടും. ദേഹാഭിമാനം വരികയാണെങ്കിൽ താഴേക്ക് വീണുപോകുന്നു. മന്മനാഭവയുടെ അർത്ഥം മനസ്സിലാക്കുന്നില്ല. കേവലം ശ്ലോകം മാത്രം വ്യാഖ്യാനിക്കുന്നു. നിങ്ങൾ ബ്രാഹ്മണർക്കല്ലാതെ മറ്റാരിലും ഈ ജ്ഞാനമില്ല. മറ്റേതൊരു മഠത്തിലോ, പ്രസ്ഥാനത്തിലോ ഉള്ളവർക്ക് ദേവതകളായി മാറാൻ സാധിക്കില്ല. പ്രജാപിതാ ബ്രഹ്മാകുമാർ-കുമാരി അഥവാ ബ്രാഹ്മണരാവാതെ ഒരിക്കലും ദേവതയാവുകയില്ല. ആരാണോ കൽപ്പം മുൻപ് ആയിത്തീർന്നത് അവരേ ആവുകയുള്ളൂ, സമയമെടുക്കുന്നു. വൃക്ഷം വലുതായിക്കഴിഞ്ഞാൽ അഭിവൃദ്ധിയും പ്രാപിക്കുന്നു. സേവനം ഉറുമ്പിന്റെ വേഗതയിൽ നിന്നും ആകാശവേഗതയിലാകുന്നു. ബാബ മനസ്സിലാക്കിത്തരുന്നു മധുരമായ കുട്ടികളേ, ബാബയെ ഓർമ്മിക്കൂ... സ്വദർശനചക്രം കറക്കൂ... നിങ്ങളിൽ 84 ജന്മത്തിന്റെയും മുഴുവൻ ജ്ഞാനമുണ്ട്. നിങ്ങൾ ബ്രാഹ്മണർ തന്നെയാണ് പിന്നീട് ദേവതാകുലത്തിലേക്കും, ക്ഷത്രിയകുലത്തിലേക്കും വരുന്നത്. സൂര്യവംശി,ചന്ദ്രവംശിയുടെ അർത്ഥം പോലും ആരും മനസ്സിലാക്കുന്നില്ല. പ്രയത്നിച്ച് മനസ്സിലാക്കിക്കൊടുക്കുന്നു. എന്നിട്ടും മനസ്സിലാക്കുന്നില്ലെങ്കിൽ ഇപ്പോൾ സമയമായിട്ടില്ല എന്നാണർത്ഥം. വീണ്ടും വരിക തന്നെ ചെയ്യും. പുറമേ നിന്നു നോക്കുമ്പോൾ ബ്രഹ്മാകുമാരീസിനെക്കുറിച്ചറിയാൻ സാധിക്കില്ല. ഉള്ളിലേക്ക് വരികയാണെങ്കിൽ കാണാൻ കഴിയുന്നു, ഇവർ വളരെ നല്ല കാര്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇവർ മനുഷ്യരുടെ സംസ്കാരങ്ങളെ ഉന്നതിയിലേക്ക് നയിക്കുന്നു. ദേവതകളുടെ സംസ്കാരം എങ്ങനെയുള്ളതാണെന്നു നോക്കൂ, സമ്പൂർണ്ണ നിർവ്വികാരി... ബാബ പറയുന്നു, കാമം മഹാശത്രുവാണ്. ഈ പഞ്ചഭൂതങ്ങൾ കാരണമാണ് നിങ്ങളുടെ സംസ്കാരങ്ങൾ ഇത്രയ്ക്കും മോശമായത്. ഏതു സമയത്താണോ മനസ്സിലാകുന്നത് ആ സമയം മുതൽ നല്ലതാകാൻ പ്രയത്നിക്കുന്നു. പുറത്ത് പോയിക്കഴിഞ്ഞാൽ എല്ലാം മറന്നു പോകുന്നു. അപ്പോഴാണ് പറയുന്നത്, അനേകാനേകം വിധ ത്തിൽ അലങ്കരിച്ചാലും... ബാബ ആക്ഷേപിക്കുകയല്ല, മനസ്സിലാക്കിത്തരുകയാണ്. ദൈവീകമായ പെരുമാറ്റം കൊണ്ടുവരൂ, ക്രോധത്തിലേക്ക് വന്ന് എന്തിനാണ് ഒച്ചയിടുന്നത്. സ്വർഗ്ഗത്തിൽ ഒരിക്കലും ക്രോധമുണ്ടാവുകയില്ല. എന്തുണ്ടെങ്കിലും ബാബ മുന്നിൽ ഇരുന്ന് അത് മനസ്സിലാക്കിത്തരുന്നു. ബാബയ്ക്ക് ഒരിക്കലും ദേഷ്യം വരികയില്ല. ബാബ എല്ലാം വ്യക്തമായി പറഞ്ഞു തരുന്നു. ഡ്രാമയും നിയമമനുസരിച്ചാണ് മുന്നോട്ടു പോകുന്നത്. ഡ്രാമയിൽ യാതൊരു തെറ്റും ഇല്ല. ഡ്രാമ അനാദി-അവിനാശിയായി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഇപ്പോഴുണ്ടാകുന്ന ഓരോ ദൃശ്യവും വീണ്ടും 5000 വർഷത്തിനു ശേഷവും ഉണ്ടാകും. പലരും പറയുന്നു ഈ പർവ്വതം പൊട്ടിപ്പോവുകയാണെങ്കിൽ പിന്നീട് എങ്ങനെ വീണ്ടും ഉണ്ടാകും. ഒരു നാടകം കാണുകയാണെങ്കിൽ അതിൽ ഒരു കെട്ടിടം നശിച്ചാൽ പിന്നീട് വീണ്ടും നാടകം ആവർത്തിക്കുമ്പോൾ അതേ കെട്ടിടത്തെ കാണാൻ സാധിക്കും. വീണ്ടും ആവർത്തിക്കുന്നു. ഇത് മനസ്സിലാക്കാനുള്ള ബുദ്ധി ആവശ്യമാണ്. മറ്റുള്ളവരുടെ ബുദ്ധിയിലിരിക്കാൻ വളരെയധികം ബുദ്ധിമുട്ടാണ്. വിശ്വത്തിന്റെ ചരിത്രവും,ഭൂമിശാസ്ത്രവുമല്ലേ. രാമരാജ്യത്തിൽ ഈ ദേവതകളുടെ രാജ്യമുണ്ടായിരുന്നു. അവരുടെ പൂജയുണ്ടായിരുന്നു. ബാബ മനസ്സിലാക്കിത്തരുന്നു, നിങ്ങൾ തന്നെയാണ് പൂജ്യരും ,പൂജാരികളുമായിത്തീരുന്നത്. ഹംസോ എന്നതിന്റെ അർത്ഥവും നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി. നമ്മൾ തന്നെ ദേവത. നമ്മൾ തന്നെ ക്ഷത്രിയർ... കുട്ടിക്കരണം മറിയുന്ന കളി പോലെയാണ്. ഇതിനെ നല്ല രീതിയിൽ മനസ്സിലാക്കാനും, മനസ്സിലാക്കിക്കൊടുക്കാനും പ്രയത്നിക്കണം. ബാബ ഒരിക്കലും ജോലി ഉപേക്ഷിക്കാൻ പറയുന്നില്ല. കേവലം സതോപ്രധാനമായി മാറണം. ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റെയും രഹസ്യം മനസ്സിലാക്കിക്കൊടുക്കൂ. മുഖ്യമായ കാര്യമാണ് മന്മനാഭവ. സ്വയം ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ സതോപ്രധാനമായിത്തീരുന്നു. ഓർമ്മയുടെ യാത്രയാണ് നമ്പർവൺ. ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികളെ കൂടെ കൊണ്ടുപോകും. സത്യയുഗത്തിൽ എത്ര കുറച്ചു മനുഷ്യരേയുള്ളൂ, കലിയുഗത്തിൽ ധാരാളം മനുഷ്യരുണ്ട്. ആരാണ് എല്ലാവരെയും തിരികെ കൊണ്ടുപോകുക. പഠിപ്പ് വളരെ മധുരമാണ് കാരണം ജ്ഞാനം സമ്പാദ്യത്തിന്റെ ഉറവിടമാണ്. നിങ്ങൾക്ക് അളവറ്റ ഖജനാവാണ് ലഭിക്കുന്നത്. ഭക്തിയിൽ ഒന്നും തന്നെ ലഭിക്കുന്നില്ല. ഇവിടെ കാലു പിടിക്കേണ്ട കാര്യമില്ല. മറ്റുള്ളവർ ഗുരുക്കന്മാരുടെ മുന്നിലേക്ക് ഇതിനുവേണ്ടി പോകുന്നു. ഇതിൽ നിന്നെല്ലാം ബാബ നമ്മളെ മുക്തമാക്കുകയാണ്. ഇങ്ങനെയുള്ള ബാബയെ ഓർമ്മിക്കണം. ബാബ

നമ്മുടെ അച്ഛനാണെന്ന തിരിച്ചറിവ് ലഭിച്ചു കഴിഞ്ഞു. ബാബയിൽ നിന്നും തീർച്ചയായും സമ്പത്ത് ലഭിക്കുന്നുണ്ട്. ആ സന്തോഷം എപ്പോഴും ഉണ്ടായിരിക്കണം. പലരും ഇങ്ങനെ എഴുതാറുണ്ട് ഞങ്ങൾ ധനവാന്മാരുടെ പക്കലേക്ക് പോകുമ്പോൾ സാധാരണക്കാരാണ് എന്നോർത്ത് ലജ്ജയുണ്ടാകുന്നു. ബാബ പറയുന്നു സാധാരണക്കാരാണെങ്കിൽ വളരേയധികം നല്ലതാണ്. ധനവാനാകുകയണെങ്കിൽ ഒരിക്കലും ഇങ്ങോട്ടു വരികയുമില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും, പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും ,സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം:-

1) ഇപ്പോൾ നമ്മൾ ഈശ്വരീയ പരിവാരത്തിലേതാണ് എന്നുള്ള ലഹരിയും ,സന്തോഷവും സദാ ഉണ്ടായിരിക്കണം, സ്വയം ഭഗവാൻ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ഭഗവാന്റെ സ്നേഹം നമുക്ക് ലഭിച്ചു കൊണ്ടിരിക്കുകയാണ്, ഈ സ്നേഹത്തിലൂടെയാണ് നമ്മൾ ദേവതയായിത്തീരുന്നത്.

2) ഈ ഉണ്ടായതും, ഉണ്ടാക്കപ്പെട്ടതുമായ നാടകത്തെ കൃത്യമായി മനസ്സിലാക്കണം. ഇതിൽ യാതൊരു തെറ്റും ഉണ്ടാവുകയില്ല. എന്തെല്ലാം പാർട്ടാണോ ഉണ്ടായത് അത് വീണ്ടും ആവർത്തിക്കപ്പെടും. ഈ കാര്യങ്ങളെ നല്ല ബുദ്ധിയോടെ മനസ്സിലാക്കുകയാണെങ്കിൽ ഒരിക്കലും ദേഷ്യം വരികയില്ല.

## വരദാനം- കൊടുങ്കാറ്റിനെ സമ്മാനമെന്ന് (ഗിഫ്റ്റ്)മനസ്സിലാക്കി സഹജമായി മറികടക്കുന്ന സമ്പൂർണ്ണരും,സമ്പന്നരുമായി ഭവിക്കട്ടെ.

സമ്പന്നവും, സമ്പൂർണ്ണവുമായി മാറുക എന്നതാണ് ഏവരുടെയും ലക്ഷ്യമെങ്കിൽ ചെറിയ ചെറിയ കാര്യ ങ്ങളിൽ അസ്വസ്ഥരാകരുത്.വിഗ്രഹം പൂർണ്ണമാകണമെങ്കിൽ ചുറ്റിക കൊണ്ട് കുറച്ച് അടിക്കേണ്ടി വരുമ ല്ലോ. ആര് എത്ര മുന്നിലേക്ക് പോകുന്നുവോ, അവർക്ക് അത്രയധികം കൊടുങ്കാറ്റുകളേയും മറികടക്കേ ണ്ടതായി വരും. എന്നാൽഅവർക്ക് അത് കൊടുങ്കാറ്റായി തോന്നില്ല, സമ്മാനമാണ് (ഗിഫ്റ്റ്)എന്നേ തോന്നു കയുള്ളൂ.പ്രതികൂല പരിതസ്ഥിതികൾ നമ്മളെ അനുഭവം നിറഞ്ഞവരാക്കി മാറ്റാനുള്ള സമ്മാനമായി മാറു ന്നു.അതിനാൽ വിഘ്നങ്ങളെ സ്വാഗതം ചെയ്യൂ,ഒപ്പം അനുഭവസ്ഥരായി മുന്നോട്ടുപോയിക്കൊണ്ടിരിക്കൂ.

## സ്ലോഗൻ -അശ്രദ്ധയെ സമാപ്തമാക്കണമെങ്കിൽ സ്വചിന്തനം ചെയ്തുകൊണ്ട് അവന വന്റെ ചെക്കിംഗ് ചെയ്തുകൊണ്ടിരിക്കൂ..